## കോവിഡ് യോദ്ധാക്കൾക്ക് ആദരം:

## ബാലസഭാ കൂട്ടുകാർക്കായി പോസ്റ്റർ മത്സരം സംഘടിപ്പിച്ച് ഇടുക്കി ജില്ലാമിഷൻ

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി രാജ്യത്ത് ലോക്ക് ഡൗൺ തുടരുന്ന സാഹചര്യത്തിൽ ഈ പ്രവർത്തനങ്ങൾ വിജയകരമാക്കുന്നതിനും അതുവഴി ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി അക്ഷീണം പ്രവർത്തിക്കുന്ന ഒരു വലിയ വിഭാഗത്തിന് ആദരം അർപ്പിക്കുകയാണ് ഇടുക്കി ജില്ലയിലെ ബാലസഭാ കൂട്ടുകാർ. കോവിഡ് യോദ്ധാക്കൾക്ക് ആദരം എന്ന വിഷയത്തെ അടിസ്ഥാനമാക്കി പോസ്റ്റർ മത്സരം സംഘടിപ്പിച്ചു കൊണ്ടാണ് ഈ ലോക്ക് ഡൗൺ കാലത്ത് ഇടുക്കി ജില്ലയിലെ ബാലസഭാ പ്രവർത്തനങ്ങൾ വ്യത്യസ്തമാകുന്നത്.

ലഭ്യമായ പോസ്റ്ററുകളിൽ നിന്നും ഏറ്റവും മികച്ച മൂന്ന് പോസ്റ്ററുകൾ തിരഞ്ഞെടുത്തു. കെസിയ സണ്ണി (കരിങ്കുന്നം സി.ഡി.എസ്), അമൽ ലാൽജി (മരിയാപുരം സി.ഡി.എസ്), അഭിഷേക് കെ.ആർ ( ഇരട്ടയാർ സി.ഡി.എസ്) എന്നിവർ തയ്യാറാക്കിയ പോസ്റ്ററാണ് തിരഞ്ഞെടുത്തത്.

രാജ്യമൊട്ടാകെ കൊറോണ പ്രതിരോധ പ്രവർത്തനങ്ങളിൽ ധീരവും അഭിനന്ദനാർഹവുമായ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന ഡോക്ടർമാർ, നഴ്സുമാർ ഉൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകർ, പോലീസ്, ശുചീകരണ തൊഴിലാളികൾ തുടങ്ങി വൈറസ് വ്യാപനത്തിനു തടയിടുന്നതിനായി രാപ്പകൽ അധ്വാനിക്കുന്ന ആയിരക്കണക്കിന് ജീവനക്കാർക്ക് ആദരം അർപ്പിക്കുന്നതിനു വേണ്ടിയാണ് പോസ്റ്റർ മത്സരം സംഘടിപ്പിച്ചത്. മെയ് 11 മുതൽ 15 വരെയായിരുന്നു മത്സരം. കുട്ടികൾ തയ്യാറാക്കിയ പോസ്റ്ററുകൾ കുടുംബശ്രീ ജില്ലാമിഷൻ ഏർപ്പെടുത്തിയ പ്രത്യേക നമ്പരിൽ അയച്ചു കൊടുക്കുകയും അതിൽ നിന്നും ഏറ്റവും മികച്ച മൂന്നെണ്ണം തിരഞ്ഞെടുക്കുകയുമായിരുന്നു. മത്സരത്തിൽ നൂറിലേറെ കുട്ടികൾ പങ്കെടുത്തു.

ലോക്ക് ഡൗൺ കാലത്ത്  ബാലസഭാ കുട്ടികളുടെ വിരസതയകറ്റി മാനസികോല്ലാസവും അറിവും നൽകുന്നതിനായി ജില്ലാമിഷന്റെ  നേതൃത്വത്തിൽ  ചിത്രരചന, പാട്ട്, നൃത്തം തുടങ്ങി വിവിധ  മത്സരങ്ങളും  സംഘടിപ്പിച്ചിരുന്നു.